# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7397**

**14.07.2014 - ൽ**
**മറുപടിക്ക്**

## പച്ചക്കറി വിത്തുകളുടെയും വളത്തിന്റെയും വിതരണം

**ചോദ്യം**
ശ്രീ. രാജു എബ്രഹാം

**മറുപടി**
**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**എ)** പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് പച്ചക്കറി വിത്തും വളവും നേരിട്ടാണോ വിതരണം ചെയ്യുന്നത്; അല്ലെങ്കിൽ ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നതെന്ന് വ്യകതമാക്കാമോ; വിതരണത്തിന്റെ മാനദണ്ഡം എന്താണ്;

**എ)** പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന പച്ചക്കറി വിത്ത് കിറ്റ് വിതരണം ചെയ്യുന്നുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 ലക്ഷം കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ വഴിയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ വഴിയുമാണ് വിതരണം ചെയ്യുന്നത്. വിത്തു കിറ്റുകളുടെ കൂടെ വളം വിതരണം ചെയ്യുന്നില്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയും, മറ്റു ജില്ലകളിൽ സംസ്ഥാന വിത്തുവികസന അതോറിറ്റിയുമാണ് വിത്ത് വിതരണം നടത്തുന്നത്.

സംസ്ഥാനത്തെ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെയും ആർ.കെ.വി.വൈ. പദ്ധതിയുടെയും ഭാഗമായാണ് 55 ലക്ഷം വിത്തു കിറ്റുകൾ മേൽ പ്രസ്താവിച്ച പ്രകാരം വിതരണം ചെയ്യുന്നത്. എല്ലാ വിദ്യാർത്ഥികൾക്കും വിത്ത് ലഭ്യമാക്കുന്നതിനാൽ വിതരണത്തിന് പ്രത്യേക മാനദണ്ഡം നിർവ്വഹിച്ചിട്ടില്ല. 80% അങ്കുരണ ശേഷി ഉറപ്പുവരുത്തിയതിനു ശേഷമാണ് ടി വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നത്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന പദ്ധതിയിൽ പച്ചക്കറി വിത്തു പാക്കറ്റുകൾ നേരിട്ടാണ് വിതരണം ചെയ്യുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉത്പാദിപ്പിച്ച വിത്തുകളാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകർക്ക് വിതരണം ചെയ്യുന്നത്. പച്ചക്കറി കൃഷിയിൽ താത്പര്യമുള്ള സന്നദ്ധ സംഘടനകൾ, റസിഡൻസ് അസ്സോസ്സിയേഷനുകൾ എന്നിവയ്ക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സൗജന്യമായും വ്യക്തികൾക്ക് വെൻഡിംഗ് മെഷീൻ വഴിയും പാക്കറ്റിന് 10 രൂപ നിരക്കിൽ

പച്ചക്കറി വിത്ത് വിതരണം ചെയ്യുവരുന്നു.

| | | | |
|---|---|---|---|
| **ബി)** | വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിത്തുകളുടെ നിലവാരം കുറയാനുണ്ടായ കാരണം വ്യക്തമാക്കാമോ; | **ബി)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| **സി)** | കഴിഞ്ഞ സാമ്പത്തിക വർഷം വിത്ത് ശേഖരണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; ഗുണനിലവാരം കുറഞ്ഞ വിത്തുകൾ നൽകിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; സ്വീകരിച്ചെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | **സി)** | കഴിഞ്ഞവർഷം വിത്ത് ശേഖരിച്ച് വിതരണം നടത്തിയത് മുൻ വർഷങ്ങളിലെപ്പോലെ തന്നെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയും, കേരള വിത്തുവികസന അതോറിറ്റിയുമാണ്. ഗുണനിലവാരമില്ലാത്ത വിത്തുകളാണെന്ന പരാതി ലഭിക്കാത്തതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| **ഡി)** | ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | **ഡി)** | മുൻ വർഷങ്ങളിലെയും, നടപ്പ് വർഷത്തെയും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുമ്പോൾ വിതരണ ഏജൻസിയും ബന്ധപ്പെട്ട കൃഷി ഓഫീസർമാരും 80% മുളശേഷി ഉറപ്പുവരുത്തണമെന്ന് പ്രവർത്തന നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ അവലോകനം (External Monitoring) നടത്തുന്നത് ഗവൺമെന്റ് സ്ഥാപനമായ സി.എം.ഡി. (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്) ആണ്. അവരുടെ അവലോകന റിപ്പോർട്ട് പ്രകാരം 80% മുളശേഷിയുണ്ടെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ ഏജൻസികൾക്ക് ആനുപാതികമായ തുക നൽകേണ്ടതുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ തുടർന്നും പാലിക്കുന്നതാണ്. |

Sheejma

സെക്ഷൻ ഓഫീസർ